ദേശാഭിമാനി

16 January 2018

# സഫാരിസമ്മേളനം: മത്സ്യ–ഭക്ഷ്യമേളയിൽ വൻതിരക്ക്

**കൊച്ചി >** കൂടുമത്സ്യക്കൃഷിയിൽ വിളവെടുത്ത കാളാഞ്ചി, കരിമീൻ, തിലോപ്പിയ തുടങ്ങിയ മീനുകൾ ജീവനോടെ സ്വന്തമാക്കാൻസിഎംഎഫ്ആർഐയിൽ വൻതിരക്ക്. രണ്ടാമത് രാജ്യാന്തര സഫാരി സമ്മേളനത്തോടനുബന്ധിച്ചാണ് സിഎംഎഫ്ആർഐയിൽ മത്സ്യ-ഭക്ഷ്യ-കാർഷികമേള സംഘടിപ്പിച്ചിരിക്കുന്നത്. കർഷകരുടെ കൂട്ടായ്മകളായ സ്വയംസഹായ സംഘങ്ങളാണ് കൂടുകൃഷിയിൽ വിളവെടുത്ത മീനുകളും കക്കവർഗങ്ങളുടെ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നത്. സിഎംഎഫ്ആർഐക്ക് കീഴിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രം പുറത്തിറക്കിയ ബ്രാൻഡ് ചെയ്ത പൊക്കാളി ഉൽപ്പന്നങ്ങൾ വാങ്ങാനും തിരക്കുണ്ട്.

വിവിധയിനം സുഗന്ധവ്യഞ്ജനങ്ങൾ, ട്യൂണ ഓയിൽ, സംസ്കരിച്ച ട്യൂണ, ട്യൂണ അച്ചാർ, ശീതീകരിച്ച ചെമ്മീൻ, ഓയിസ്റ്റർ വിഭവങ്ങൾ, ജൈവ പച്ചക്കറി തുടങ്ങി അനേകം ഉൽപ്പന്നങ്ങളും മേളയിൽ ലഭ്യമാണ്. ഏലം, കുരുമുളക്, ഗ്രാമ്പു, കറുവപ്പട്ട, ജീരകം, മഞ്ഞൾ തുടങ്ങിയവയും പലയിനം എണ്ണകൾ, സോപ്പുകൾ, സൗന്ദര്യ വർധക ഉൽപ്പന്നങ്ങൾ, കറി പൗഡറുകൾ തുടങ്ങിയവയും ഇവിടെ ലഭിക്കും. അത്യുൽപ്പാദന ശേഷിയുള്ള മഞ്ഞൾ, ഇഞ്ചി തുടങ്ങിയവയുടെ വിത്തുകളും കുറ്റിക്കുരുമുളകിന്റെ തൈകളുമുണ്ട്. നീര, ശുദ്ധമായ വെളിച്ചെണ്ണ, തേങ്ങ ചിപ്സ്, നീര ഉപയോഗിച്ചുള്ള മധുര പലഹാരങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങളാണ് നാളികേര വികസന ബോർഡിന്റെ സ്റ്റാളിലുള്ളത്.

ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ത്രീ കൂട്ടായ്മയായ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൻ (സാഫ്) തയ്യാറാക്കിയ സ്റ്റാളിൽ ചെമ്മീൻ, കരിമീൻ തുടങ്ങിയ ഭക്ഷ്യവിഭവങ്ങൾ കഴിക്കാനും തിരക്കുണ്ട്. ജൈവ പച്ചക്കറികളും ഫലവൃക്ഷങ്ങളുടെ തൈകളും കേരള വെജിറ്റബിൾസ് ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ സ്റ്റാളിൽ ലഭ്യമാണ്. കൂടാതെ, കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ജൈവപച്ചക്കറി വിത്തുകൾ, ചക്ക പൗഡർ, വിവിധ ജൈവവളങ്ങൾ, പച്ചക്കറി വിത്തുകൾ, ജൈവകീടിനാശിനി, വേപ്പെണ്ണ, വേപ്പിൻ പിണ്ണാക്ക് തുടങ്ങിയ ഉൽപ്പന്നങ്ങളും മേളയിൽ ലഭിക്കും. വാഴ, കറിവേപ്പ്, പാഷൻ ഫ്രൂട്ട്, പൈനാപ്പിൾ തുടങ്ങിയവയുടെ തൈകളുമുണ്ട്.




► സിഎംഎഫ്ആർഐയിൽ സംഘടിപ്പിച്ച മത്സ്യ-ഭക്ഷ്യ-കാർഷികമേളയിൽനിന്ന്

വിപണന മേളയ്ക്ക് പുറമെ, വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാങ്കേതികവിദ്യകളുടെ പ്രദർശനവുമുണ്ട്. ഐഎസ്ആർഒ, ഇൻകോയിസ് തുടയങ്ങിയ സ്ഥാപനങ്ങളുടെ സ്റ്റാളുകളിൽ ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ പ്രദർശിപ്പിക്കുന്നുണ്ട്. സമുദ്ര അലങ്കാര മത്സ്യങ്ങളുടെ ശേഖരങ്ങളുള്ള മറൈൻ അക്വേറിയവും കാണാം. പ്രവേശനം സൗജന്യമാണ്.